പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1454 **16-10-2026-ൽ മറുപടിയ്ക്ക്**

ഏറ്റുമാനൂർ മണ്ഡലത്തിൽ നെൽകർഷകർക്ക് നഷ്ടപരിഹാരം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. നാട്ടകം സുരേഷ്	ശ്രീ. ടി. സിദ്ദീഖ് (കൃഷി വകുപ്പ് മന്ത്രി)

(എ) ഏറ്റുമാനൂർ നിയോജകമണ്ഡലത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളായ ആർപ്പുക്കര, കുമരകം, തിരുവാർപ്പ്, നീണ്ടൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ നെൽപ്പാടങ്ങൾ മുഴുവൻ കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ ബണ്ടുകൾ തകർന്ന് മടവീണ് നശിച്ചുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നഴ്സറി സ്റ്റേജിൽ വിളനാശം സംഭവിച്ച പാടശേഖരങ്ങളിൽ കൃഷി ചെയ്യുന്നതിന് ആവശ്യമായ നെൽവിത്ത് കൃഷി വകുപ്പിന്റെ കണ്ടിൻജൻസി പദ്ധതി വഴി സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. നഴ്സറി സ്റ്റേജ് പിന്നിട്ട കൃഷിനാശം സംഭവിച്ച പാടശേഖരങ്ങളിലെ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് കർഷകർ AIMS PORTAL വഴി ഓൺലൈനായി സമർപ്പിച്ച അപേക്ഷകൾ പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. മടവീഴ്ച ഉണ്ടായ 11 പാടശേഖരങ്ങളിൽ അടിയന്തരമായി താൽക്കാലിക ബണ്ട് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) എങ്കിൽ അപ്രകാരം കനത്ത നാശനഷ്ടം നേരിട്ട നെൽകർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ?

മറുപടി: '(എ)' പിരിവ് കണ്ടാലും.

സെക്ഷൻ ഓഫീസർ